**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2645** **27-02-2023 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എൻജിനീയേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ബി.എസ്.എൻ.എൽ. എൻജിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തട്ടിപ്പിൽ ആരോപണ വിധേയരായ ഉദ്യോഗസ്ഥർ ആർബിട്രേഷൻ നടപടികൾ തുടങ്ങുന്നതിന് മുമ്പ് ആസ്തികൾ വിൽക്കുന്നതിനായി സമൂഹമാധ്യമങ്ങളിൽ പരസ്യം നൽകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ബി.എസ്.എൻ.എൽ എഞ്ചിനീയേഴ്സ് സഹകരണ സംഘം തട്ടിപ്പിൽ ആരോപണ വിധേയരായ സംഘം ഉദ്യോഗസ്ഥർ ആസ്തികൾ വിൽക്കുന്നതിനായി സമൂഹ മാധ്യമങ്ങളിൽ പരസ്യം നൽകിയതായുള്ള ആരോപണം ഗൗരവത്തോടെ കണ്ടിട്ടുണ്ട്. ആയത് പ്രകാരം വകുപ്പ് ടിയാൻമാരുടെ സ്വത്തുക്കൾ ഉടൻ ജപ്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആരോപണ വിധേയരായവർ അനധികൃതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ള വ്യക്തികൾക്കെതിരെ ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ടിയാളുകളുടെ വസ്തുക്കൾ ഉടൻ ജപ്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | തട്ടിപ്പിനിരയായവർക്ക് അടിയന്തരമായി നിക്ഷേപം തിരിച്ച് നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ; വിശദാംശം നൽകുമോ? | (സി) | ടി സംഘത്തിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണവും, ക്രൈംബ്രാഞ്ച് അന്വേഷണവും നടന്നുവരുന്നു. കൂടാതെ ആർബിട്രേഷൻ നടപടികളും നടന്നു വരുന്നു. ആയവ പൂർത്തിയാകുന്നമുറയ്ക്ക് നിക്ഷേപംതിരികെ നൽകുന്ന നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ